# മാതൃകാ പ്രാർത്ഥന

## മത്താ. 6:9-15; ലൂക്കൊ. 11:1-4

നിങ്ങൾ എന്താണ് അറിയുവാൻ ആഗ്രഹിക്കുന്നത്? കുട്ടികൾക്ക് ദശലക്ഷത്തോളം ചോദ്യങ്ങൾ കാണും - അവയിൽ പലതും "എന്തുകൊണ്ട്" എന്നാരംഭിക്കുന്നവയായിരിക്കും. കൗമാരപ്രായത്തിലെത്തിയവർക്കുള്ള ചോദ്യം ഉപജീവനത്തിന് എന്തു ചെയ്യും - പിന്നെ അവർ പ്രേമത്തിലാണെങ്കിൽ അതെങ്ങനെ പറയും? പ്രായപൂർത്തിയിലെത്തിയവർ ചിന്തിക്കുന്നതു ജീവിതസമൃദ്ധി എങ്ങനെ ഉണ്ടാകും എന്നതാണ്.[1] എങ്ങനെയായാലും, എങ്ങനെ പ്രാർത്ഥിക്കേണമെന്ന് അറിയുവാനാണ് യേശുവിന്റെ ശിഷ്യന്മാർ ആഗ്രഹിച്ചത്: യേശു ഒരു സ്ഥലത്ത് പ്രാർത്ഥിച്ചുകഴിഞ്ഞപ്പോഴാണ് അത് സംഭവിച്ചത്, അവൻ പ്രാർത്ഥിച്ചു തീർന്നശേഷം ശിഷ്യന്മാരിൽ ഒരാൾ അവനോട്, "കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ, ഞങ്ങളേയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു" (ലൂക്കൊസ് 11:1). അതിനുള്ള കർത്താവിന്റെ മറുപടിയെയാണ് "കർത്താവിന്റെ പ്രാർത്ഥന" എന്ന പേരിൽ അറിയപ്പെടുന്നത്.

> "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയത്: 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ, ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ദിനമ്പ്രതി തരേണമേ. ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോട് ക്ഷമിക്കേണമേ, ഞങ്ങളോട് കടപ്പെട്ടിരിക്കുന്ന ഏവനോടും ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ, ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ'" (ലൂക്കൊസ് 11:2-4).

ഈ പ്രാർത്ഥനയുടെ കൂടുതൽ പരിചയമുള്ള വെർഷൻ നമുക്ക് മത്തായി 6 ലെ ഗിരിപ്രഭാഷണത്തിൽ കാണാം:

> "നിങ്ങൾ, ഈവണ്ണം, പ്രാർത്ഥിപ്പിൻ: 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. [രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലൊ. ആമേൻ]'" (മത്തായി 6:9-13).

ബൈബിളിലുള്ള മറ്റുഭാഗങ്ങളേക്കാളധികം അറിയപ്പെടുന്ന ഭാഗമാണിത്.

ഏറ്റവും പരിചയമുള്ളത് ഒരുപക്ഷെ സങ്കീർത്തനങ്ങൾ 23 ആയിരിക്കാം. നിർഭാഗ്യവശാൽ, പലരും ഈ പ്രാർത്ഥന മനപ്പാഠമാക്കിയിട്ടുണ്ട്, പക്ഷെ അവരുടെ ഉള്ളിലില്ല. അടുത്ത ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ പ്രാർത്ഥന വാസ്തവത്തിൽ എന്താണ് പഠിപ്പിക്കുന്നതെന്നും - ഏതു തരത്തിലുള്ള വെല്ലുവിളിയാണ് അതു നൽകുന്നതെന്നും നമുക്ക് നോക്കാം.

ഏതാനും നിഷേധങ്ങളുമായി നമുക്ക് തുടങ്ങാം. ആദ്യമായി, മത്തായി 6:9-13 ഉം ലൂക്കൊസ് 11:1-4 ഉം ഒരു പ്രാർത്ഥനാ ചടങ്ങിനു വേണ്ടിയുള്ളതല്ല. മത്തായി 6:9-13 ൽ യേശു "അർത്ഥശൂന്യമായ ആവർത്തനത്തിനെതിരെ" മുന്നറിയിക്കുന്നുണ്ട് (മത്തായി 6:7). കൂടാതെ, കർത്താവ് പറഞ്ഞത്, "ഇവ്വണ്ണം പ്രാർത്ഥിപ്പിൻ" എന്നാണ് (മത്തായി 6:9), "ഇതേ വാക്കുകൾ തന്നെ ഉപയോഗിക്കണം" എന്നല്ല. അല്ലെങ്കിൽ "ഇതുപോലെ" (കെജെവി), പിന്നീട് അത് ആവർത്തിച്ചിട്ടുണ്ട് (ലൂക്കൊസ് 11:1-4), അവിടെ അവൻ അതേ വാക്കുകളല്ല ഉപയോഗിച്ചത്; അവൻ മത്തായിയുടെ[2] പുസ്തകത്തിൽ 68 വാക്കുകളാണ് ഉപയോഗിച്ചത്, എന്നാൽ ലൂക്കൊസിന്റെ പുസ്തകത്തിൽ 37 വാക്കുകളേയുള്ളു.[3]

രണ്ടാമത്, പരിചയമമുള്ള "കർത്താവിന്റെ പ്രാർത്ഥന" എന്ന് അതിനെ വിളിക്കുന്നത് ശരിയല്ല. ആ പ്രാർത്ഥനക്ക് ഇരുണ്ട യുഗങ്ങളിൽ ഏതോ പണ്ഡിതൻ നൽകിയ പേരാണത്. എങ്ങനെയായാലും, യേശു അതേ പ്രാർത്ഥന ചൊല്ലിയിട്ടുണ്ടോ എന്നതിന് ഒരു രേഖയുമില്ല.[4] അവന്റെ ആ വാക്കുകളെ മാതൃകാ പ്രാർത്ഥന എന്നു വിളിക്കുവാനാണ് എനിക്ക് ഇഷ്ടം. പല രീതിയിലും അത് മാതൃകയാണ്. (1) ലക്ഷ്യത്തിൽ അത് ഒരു മാതൃകയാണ്:അതിൽ ദൈവത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയുന്നുണ്ട്. രാജ്യത്തെയും ലോകത്തിലുള്ള സകല മനുഷ്യരെ കുറിച്ചും അതിൽ കരുതലുണ്ട്. വ്യക്തിപരമായ ആവശ്യങ്ങളേയും അതു സ്പർശിക്കുന്നുണ്ട്. (2) സംക്ഷിപ്തതയിലും ലാളിത്യത്തിലും അതു മാതൃകയാണ്. അതു മത്തായിയിൽ അഞ്ചു വാക്യങ്ങളും ലൂക്കൊസിൽ മൂന്നു വാക്യങ്ങളുമായിട്ടാണുള്ളത്. ഏറ്റവും നീണ്ട വെർഷൻ ഉറക്കെ വായിക്കുവാൻ ഇരുപതു സെക്കന്റ് മാത്രം മതി, മറ്റു പലതിലും അതു മാതൃകയാണ്. നമ്മുടെ പഠനത്തിനുള്ള പ്രാഥമിക വേദഭാഗമായി നാം മത്തായി 6 ആണ് എടുക്കുന്നത് കാരണം, അതു നീണ്ടതാണ് (അതുകൊണ്ടു കൂടുതൽ തികവുള്ളതാണ്), കാരണം അതു കൂടുതൽ അറിയപ്പെടുന്നതാണ് - പക്ഷെ ഇടക്ക് ഞാൻ ലൂക്കൊസ് 11 ഉം ഉപയോഗിക്കും.

## അതിന്റെ ദിശയിലുള്ള മാതൃക

അതിന്റെ ദിശയിലും മാതൃകയുള്ളതാണ് ഈ പ്രാർത്ഥന. ആദ്യം തന്നെ അതു ദൈവത്തിലേക്ക് തിരിയുന്നു: "സ്വർഗസ്ഥനായ *പിതാവേ*" (മത്തായി 6:9; എംഫസിസ് മൈൻ). ആരംഭിക്കുന്നത് സ്വാർത്ഥമായ കാര്യമല്ല, മറിച്ച് ദൈവത്തിന്റെ ഉദ്ദേശവും പദ്ധതിയുമാണ് പ്രകടമാക്കിയത്. നാം പ്രാർത്ഥിക്കേണ്ടത് ദൈവത്തോടാണ്, അല്ലാതെ മറിയയോടോ മറ്റു പുണ്യവാളന്മാരോടോ അല്ല. നാം എല്ലായ്പ്പോഴും "നമ്മുടെ പിതാവായ *ദൈവത്തിന്* എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" എന്നാണ് പൊലൊസ് പറഞ്ഞത് (എഫെസ്യർ 5:20; എംഫസിസ് മൈൻ). വീണ്ടും നമ്മുടെ പിതാവായ *ദൈവത്തോട്* നാം പ്രാർത്ഥിക്കണം. ആൾമാറാട്ടം നടത്തുന്നവനല്ല,

യഹോവ നമ്മെ കുറിച്ച് കരുതുകയും നമുക്ക് എല്ലാം നൽകുകയും ചെയ്യുന്ന പിതാവാണ്. കൂടാതെ, അവൻ *നമ്മുടെ* പിതാവാകയാൽ, നാം ദൈവത്തോട് പ്രാർത്ഥിക്കണം. സന്യാസിയുടേതല്ല ആ പ്രാർത്ഥന; ഏക പുത്രന്റെ പ്രാർത്ഥനയുമല്ല. നമ്മുടെ പിതാവ് എന്നത് തെളിയിക്കുന്നത് നമ്മുടെ പൊതുവായ സഹോദരവർഗ്ഗത്തെയാണ്. "നമ്മുടെ പിതാവ്" എന്ന് നാം സംബോധന ചെയ്യുമ്പോൾ ഒന്നിച്ചുള്ള കുടുംബകാര്യത്തെയാണ് അതു സൂചിപ്പിക്കുന്നത്.

ആ പ്രാർത്ഥന ദിശയിലും മാതൃകയുള്ളതാകുന്നത് അത് സ്വർഗത്തിലേക്കുള്ളതാകകൊണ്ടാണ്: "*സ്വർഗസ്ഥനായ* പിതാവേ" (മത്തായി 6:9; എംഫസിസ് മൈൻ). ഈ പ്രപഞ്ചം അവന്റെ സൃഷ്ടിയും അവകാശവുമാണ്, എന്നാൽ ഇതല്ല അവന്റെ ഭവനം. സ്വർഗം കേന്ദ്രമായ ഒരു മതമാണ് നമ്മുടേത്. യേശു സ്വർഗത്തിൽനിന്നു വരികയും സ്വർഗത്തിലേക്ക് മടങ്ങുകയും ചെയ്തു. അവൻ ഇപ്പോൾ സ്വർഗസ്ഥനായ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. അവൻ ഒരിക്കൽ സ്വർഗത്തിൽനിന്നു വരികയും, തനിക്കുള്ളവരെ ചേർത്തുകൊണ്ട് സ്വർഗത്തിലേക്ക് പോയി എന്നേക്കും അവനോടൊപ്പം നിത്യത ചെലവഴിക്കും. "നമ്മുടെ പൗരത്വമോ സ്വർഗത്തിലാകുന്നു" എന്ന് പൗലൊസ് എഴുതി (ഫിലിപ്പിയർ 3:20). "നിങ്ങളുടെ പേർ സ്വർഗത്തിൽ എഴുതിയിരിക്കകൊണ്ട് സന്തോഷിപ്പിൻ" എന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 10:20). "[നമ്മുടെ] നിക്ഷേപം സ്വർഗത്തിൽ നിക്ഷേപിപ്പാനാണ്" അവൻ വെല്ലുവിളി നൽകിയിരിക്കുന്നത് (മത്തായി 6:20).

## അതിന്റെ ആദരവിൽ ഒരു മാതൃക

പ്രാർത്ഥന അതിന്റെ ആദരവിലും മാതൃകയുണ്ട്. ഒരു സാധാരണ സ്നേഹിതനല്ല ദൈവം.[6] അവൻ നമ്മുടെ പിതാവാണ് - അവന്റെ നാമം *വിശുദ്ധമാണ്*. പ്രാർത്ഥന തുടരുന്നു, "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുമാറാകട്ടെ" (മത്തായി 6:9; ലൂക്കൊസ് 11:2 നോക്കുക). "ഹോളി" എന്ന വാക്കിന്റെ ഗ്രീക്ക് വാക്കിൽനിന്നു തർജിമ ചെയ്ത വാക്കാണ് "ഹലൗഡ്" എന്നത്, അർത്ഥം, "വിശുദ്ധമായി ബഹുമാനിക്കുക അല്ലെങ്കിൽ ആദരിക്കുക."[7] പഴയനിയമത്തിൽ സങ്കീർത്തനക്കാരൻ പറഞ്ഞു, "അവന്റെ നാമം വിശുദ്ധവും ഭയങ്കരവുമാകുന്നു" (സങ്കീർത്തനങ്ങൾ 111:9). "നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്" എന്ന് മോശെ പറഞ്ഞു (പുറപ്പാട് 20:7). പുതിയനിയമത്തിലാണെങ്കിലും, ദൈവത്തെ നാം ഭയത്തോടും വിറയലോടും കൂടെ വേണം സമീപിക്കുവാൻ എന്നാണ് യേശുവിന്റെ മാതൃകാ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത്.

## അതിന്റെ ഊന്നലിൽ ഒരു മാതൃക

അഭയയാചനയുമായി പ്രാർത്ഥനയിൽ നാം വരുമ്പോൾ ഉണ്ടാകേണ്ട ആദരവാണ് നാം പറഞ്ഞത്. ആദ്യം വിചാരിക്കേണ്ടത് സ്വാർത്ഥതയല്ല, ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളുമാണ്: "നിന്റെ രാജ്യം വരേണമേ" (മത്തായി 6:10; ലൂക്കൊസ് 11:2 നോക്കുക).

അവർ കാത്തിരുന്ന "രാജ്യം" എന്തായിരുന്നു? അതു സഭയായിരുന്നു: മശിഹാരാജ്യത്തെ കുറിച്ചുള്ള ചില വേദഭാഗങ്ങൾ ഞാൻ ആവർത്തിക്കട്ടെ:

- *ദാനിയേൽ 2:44.* റോമാ സാമ്രാജ്യകാലത്ത് മശിഹാ രാജ്യം വരുമെന്ന് ദാനിയേൽ പ്രവചിച്ചിരുന്നു.[8]
- *മത്തായി 3:2; 4:17.* റോമാക്കാർ ഭരിച്ചുകൊണ്ടിരുന്നപ്പോൾ യോഹന്നാൻ സ്നാപകനും പിന്നെ യേശുവും വന്ന് "ദൈവരാജ്യം ആസന്നമായിരിക്കുന്നു" എന്ന് പ്രസംഗിച്ചു.
- *മത്തായി 16:18, 19*. കൈസര്യയിലെ ഫിലിപ്പിയയിൽ വെച്ച് തന്റെ രാജ്യം സ്ഥാപിക്കുന്നതിനെ കുറിച്ച് യേശു പറഞ്ഞു; അവൻ അതിനെ തന്റെ "സഭ" എന്നാണ് വിളിച്ചത്.
- *മർക്കൊസ് 9:1.* രാജ്യം അവരുടെ കാലയളവിൽ, "ശക്തിയോടെ വരും" എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു. പരിശുദ്ധാത്മാവ് അവരുടെമേൽ വരുമ്പോൾ അവർക്ക് ശക്തി ലഭിക്കുമെന്നും അവൻ പിന്നീട് അവരോട് പറഞ്ഞു (പ്രവൃത്തികൾ 1:6–8).
- *പ്രവൃത്തികൾ 2:1–4.* യേശുവിന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവക്കുശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ പരിശുദ്ധാത്മാവ് വന്നു. ആ സമയത്ത് ശക്തി വരികയും രാജ്യം/സഭ സ്ഥാപിക്കയും ചെയ്തു.
- *പ്രവൃത്തികൾ 2:47.* ആ സമയം മുതൽ രാജ്യം/സഭ നിലവിൽ വന്നതായിട്ടാണ് സംസാരിച്ചിരിക്കുന്നത്. ആളുകൾ രക്ഷിക്കപ്പെടുമ്പോൾ, ദൈവം അവരെ തന്റെ സഭയോട് ചേർക്കുകയും (കെജെവി), അവരെ "ഇരുട്ടിന്റെ അധികാരത്തിൽനിന്ന്" വിടുവിക്കയും തന്റെ "പ്രിയപുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്യുന്നു" (കൊലോസ്യർ 1:13). ക്രിസ്ത്യാനികൾ ഇളകാത്ത രാജ്യത്തിലാണ് (എബ്രായർ 12:28) – അതായത് സഭ, അതിനെ പാതാളഗോപുരങ്ങൾക്ക് ജയിക്കുവാൻ സാധ്യമല്ല (മത്തായി 16:18)!

യേശു തന്റെ ശിഷ്യന്മാരോട് "നിന്റെ രാജ്യം വരേണമേ" എന്ന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, ഫലത്തിൽ അവർ പ്രാർത്ഥിച്ചത്, "നിന്റെ സഭ സ്ഥാപിക്കേണമേ" എന്നാണ്. ദൈവത്തിന്റെ മഹത്തായ, നിത്യമായ പദ്ധതിയിൽ പങ്കുകാരാകുവാൻ കർത്താവ് ശിഷ്യന്മാരോട് ആവശ്യപ്പെട്ടപ്പോൾ, അതിൽ സഭയും ഉൾപ്പെട്ടിരുന്നു (എഫെസ്യർ 3:10, 11 നോക്കുക).

ഇന്ന് നാം ആ പ്രാർത്ഥന ചൊല്ലേണമോ? രാജ്യം/സഭ സ്ഥാപിച്ചുകഴിഞ്ഞതുകൊണ്ട് അതേ വാക്കുകൾ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. "സർവ്വലോകത്തിലേക്കും നിന്റെ രാജ്യം വരേണമേ" എന്നോ അല്ലെങ്കിൽ "എല്ലാ മനുഷ്യരുടേയും ഹൃദയങ്ങളിലേക്ക് രാജ്യം അഥവാ സഭ വരേണമേ" എന്നോ പ്രാർത്ഥിക്കാം. നാം ആ വാക്കുകൾ അങ്ങനെതന്നെ ഉപയോഗിച്ചാൽ ആയിരമാണ്ട് വാഴ്ച്ചക്കാർ രാജ്യം സ്ഥാപിക്കപ്പെട്ടില്ല എന്നു വിശ്വസിക്കുന്നതിനെ പ്രചോദിപ്പിക്കയായിരിക്കും ചെയ്യുക.

അതിലെ വാക്കുകൾ നാം എടുക്കുകയാണെങ്കിലും, നിങ്ങളും ഞാനും രാജ്യം/സഭ നമ്മുടെ ചിന്തയിലുണ്ടായിരിക്കണം – അതിന്റെ ക്ഷേമം നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുകയും വേണം. ഒരു പ്രദേശത്തുള്ള സഭക്കും ലോകമെങ്ങുമുള്ള കർത്താവിന്റെ സഭകൾക്കും വേണ്ടി നാം പ്രാർത്ഥിക്കണം. അങ്ങനെ ചെയ്യുന്നതിനാൽ, ദൈവത്തിന്റെ വലിയ പദ്ധതിയായ "ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സഭ മുഖാന്തരം അറിയായ് വരുന്നു"

(എഫെസ്യർ 3:10, 11)!

## അതിന്റെ കരുതലിൽ ഒരു മാതൃക

അടുത്ത യാചന തുടർന്നു ഊന്നൽ കൊടുത്തിരിക്കുന്നത് ആത്മിയതക്കാണ്, എന്നാൽ ഊന്നൽ രാജ്യം/സഭയിൽ നിന്നു ഭൂമിയിൽ എല്ലായിടത്തേക്കും ശ്രദ്ധ മാറി: "നിന്റെ ഇഷ്ടം സ്വർഗത്തിലേപോലെ ഭൂമിയിലും ആകേണമേ" (മത്തായി 6:10). എല്ലാവരും ദൈവേഷ്ടം അനുസരിക്കണമെന്ന ആഗ്രഹമാണ് ഇവിടെ പ്രകടമാക്കിയിരിക്കുന്നത്. അത്തരം സാധ്യത നമ്മെ പരിഭ്രമിപ്പിക്കുന്നതാണ്. സ്വർഗത്തിൽ അവന്റെ ഇഷ്ടം എങ്ങനെയാണെന്ന് ചിന്തിക്കുക. ദൂതന്മാരും പ്രധാനദൂതന്മാരും ദൈവസിംഹാസനത്തിന് ചുറ്റും നില്ക്കുന്നത് ഊഹിക്കുക. അവർ അവന്റെ കല്പനകൾക്ക് ചെവി കൊടുത്ത് അനുസരിക്കുവാൻ വെമ്പൽ കൊണ്ട് നിൽക്കുകയാണ്. അത്തരത്തിൽ ഭൂമിയിലുള്ള സകല മനുഷ്യരും ദൈവേഷ്ടം അനുസരിക്കുവാൻ ഒരുങ്ങിയാൽ എത്ര മനോഹരമായിരിക്കും!

ഈ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ, ദൈവേഷ്ടം വെളിപ്പെടുത്തിയിരിക്കുന്നത് വചനത്തിലായതുകൊണ്ട്, വചനം ഭൂമിയിൽ എല്ലായിടത്തും എത്തിക്കണം (മത്തായി 28:18-20; മർക്കൊസ് 16:15, 16). നാം എല്ലായിടത്തും കർത്താവിന്റെ കല്പനകൾ അനുസരിക്കുവാൻ ആളുകളെ പ്രോൽസാഹിപ്പിക്കണം.

എങ്ങനെയായാലും, പ്രാർത്ഥനയുടെ ഈ ഭാഗത്തെ മുഖ്യ പ്രാധാന്യം അവന്റെ ഇഷ്ടത്തോട് നമുക്കുള്ള മനോഭാവം പരിശോധിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു. തുറന്നു പറഞ്ഞാൽ, നമ്മിൽ പലരും നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടത്തെ എല്ലായ്പോഴും നാം സന്തോഷിക്കുന്നില്ല. "സ്വർഗീയ രാജാവ് മനുഷ്യരെ പിടിച്ച് പുറത്താക്കുന്ന ഭാഗം അവർക്ക് ഇഷ്ടമല്ല" എന്ന് ആരോ പറയുകയുണ്ടായി. ഫലത്തിൽ, ചിലർ പ്രാർത്ഥിക്കുന്നത്, "എന്റെ ഇഷ്ടം ഭൂമിയിലൊക്കെയും നിറവേറേണമേ" എന്നാണ്. പ്രാർത്ഥനയുടെ ഉദ്ദേശം ദൈവത്തെ നമ്മുടെ ഇഷ്ടത്തിന് കീഴ്പ്പെടുത്തുക എന്നതല്ല, മറിച്ച് ദൈവേഷ്ടത്തിന് നമ്മെ കീഴ്പ്പെടുത്തുവാൻ ശീലിക്കുക എന്നതാണ്.

## അതിൽ നിയന്ത്രണമുള്ള മാതൃക

പ്രാർത്ഥനയുടെ പകുതിയിലെത്തിയിട്ടും വ്യക്തിപരമായ ആവശ്യങ്ങൾ ഇതുവരെയും ഉന്നയിച്ചിട്ടില്ല, എന്നാൽ ഇപ്പോൾ ഒന്നിനായി നമ്മുടെ ഹൃദയത്തെ ഒരുക്കണം. പിന്നെ നാം വായിക്കുന്നു, "ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ" (മത്തായി 6:11). ലൂക്കൊസിന്റെ വിവരണത്തിൽ "ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം *ദിന്രതി* തരേണമേ" (ലൂക്കൊസ് 11:3; എംഫസിസ് മൈൻ). പ്രാർത്ഥനയിലെ നിയന്ത്രണം ശ്രദ്ധിക്കുക: അത് കേക്കിനു (മറ്റു ആഡംബരമായതിനോ[9]) വേണ്ടിയുള്ള ആവശ്യപ്പെടലായിരുന്നില്ല, മറിച്ച് *ആഹാരത്തിനു*വേണ്ടിയായിരുന്നു. അത് ഒരു *മാസത്തേക്കു*ള്ള ആഹാരത്തിനായിരുന്നില്ല, പിന്നെയോ ഒരു *ദിവസത്തേക്കാ*യിരുന്നു.

ജീവിതത്തിലെ ആവശ്യങ്ങളിൽ മാത്രം നാം ഒതുങ്ങി ജീവിക്കണമെന്ന പാഠമാണ് പ്രാർത്ഥനയുടെ ഈ ഭാഗത്തുനിന്നു നാം പഠിക്കുന്നത്. നമുക്ക് തീർച്ചയായും വേണ്ട കാര്യങ്ങളിൽ ഒന്നാണ് ആഹാരം. മറ്റ് അനുഗ്രഹങ്ങൾക്ക് വേണ്ടി അപേക്ഷിക്കുന്നത് തെറ്റല്ല. എന്നാൽ നമ്മുടെ സന്തോഷം നാം ശേഖ

രിക്കുന്ന വസ്തുക്കളിൽ ആകരുത്. പൗലൊസ് എഴുതി, "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക" (1 തിമൊഥെയൊസ് 6:8).

പ്രാർത്ഥനയുടെ ഈ ഭാഗത്ത് വേറെയും പാഠങ്ങളുണ്ട്. ഉദാഹരണത്തിന്, നമ്മുടെ എല്ലാ അനുഗ്രഹങ്ങളുടേയും ഉറവിടം ദൈവമാണെന്ന് നാം സ്മരിക്കണം. ആഹാരത്തെപോലെ നിസാരവും അടിസ്ഥാനപരവുമായവക്ക് വേണ്ടി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. ''ഞാൻ എന്തു ചെയ്തിരിക്കുന്നു'' എന്നല്ല നാം പറയേണ്ടത്, പിന്നെയോ, "ദൈവം എനിക്ക് വേണ്ടി എന്തെല്ലാം ചെയ്തിരിക്കുന്നു" എന്നായിരിക്കണം. നമുക്കുള്ളതെല്ലാം നാം വഴിയിൽനിന്ന് "പെറുക്കിയതാണ്"; എന്നാൽ അവ "പെറുക്കേണ്ടതിന്" ഇട്ടത് ദൈവമാണ്. ദിനംപ്രതിയുള്ള ആഹാരത്തിനുവേണ്ടി നാം പ്രവർത്തിക്കണം (2 തെസലൊനിക്യർ 3:11, 12), അപ്പോഴും ദൈവമാണ് സകല അനുഗ്രഹങ്ങളുടേയും ഉറവിടം എന്നു നാം തിരിച്ചറിയണം. ഈ സത്യത്തെ വെളിപ്പെടുത്തുന്ന ഒരു പഴയ ചൊല്ലുണ്ട്:

അപ്പത്തിന്റെ പിന്നിൽ മാവുണ്ട്
    മാവിന്റെ പിന്നിൽ മില്ലുണ്ട്;
മില്ലിന്റെ പിന്നിൽ കോതമ്പുണ്ട്
    അതിന്റെ പിന്നിൽ ഉണ്ടായ കുന്നുണ്ട്;
കുന്നിന്റെ പിന്നിൽ മഴയും സൂര്യനുമുണ്ട്
    അവക്കെല്ലാം പിന്നിൽ പിതാവിന്റെ ഇഷ്ടമുണ്ട്.

നിസ്വാർത്ഥനാകുവാനും യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ ഉൾപ്പെടുന്നു. ''എനിക്ക് ദിനംപ്രതി ആഹാരം തരേണമേ'' എന്നല്ല, "ഞങ്ങൾക്ക് ദിനംപ്രതി ആഹാരം തരേണമേ" എന്നാണ് പ്രാർത്ഥിക്കേണ്ടത്. പ്രാർത്ഥനയിൽ ഉടനീളം ക്രിസ്തീയ സമൂഹത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു. പ്രാർത്ഥന വീണ്ടും വായിക്കുക. പ്രാർത്ഥനയിൽ ഒരിക്കലും "എനിക്ക്" എന്ന സർവ്വനാമം ഉപയോഗിച്ചിട്ടില്ല. മറ്റുള്ളവരെ കുറിച്ചു കരുതുന്നതാണ് പ്രാർത്ഥന.

## അതിന്റെ താഴ്മയിൽ ഒരു മാതൃക

പ്രാർത്ഥനയിൽ അടുത്തത് മറ്റൊരു വ്യക്തിപരമായ ആവശ്യമാണ്: "ഞങ്ങളുടെ കടങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ" (മത്തായി 6:12). പുതിയനിയമത്തിൽ, ഏകവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത്, ഇടർച്ച, തെറ്റ്, അല്ലെങ്കിൽ പാപം ആണ്.[10] ലൂക്കൊസിന്റെ വിവരണത്തിൽ "ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ" എന്നാണ് (ലൂക്കൊസ് 11:4).[11] പരിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ, നാം പാപികളാണെന്ന് സമ്മതിക്കയും ദൈവത്തോട് ക്ഷമ യാചിക്കുകയും വേണം. അതു നമ്മുടെ ഹൃദയത്തിലെ അഹങ്കാരത്തിനു പ്രഹരമേല്പിക്കുന്നതാണ്.

ഈ ആവശ്യത്തിന്റെ മറ്റൊരു ഭാഗം നമ്മുടെ അഹങ്കാരത്തെ കൂടുതൽ അമ്പരപ്പിക്കുന്നതാണ്: "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ" (മത്തായി 6:12). ക്ഷമിക്കുക പ്രയാസമാണ്! ആരെങ്കിലും നമ്മെ വേദനിപ്പിക്കുമ്പോൾ, നമ്മുടെ അഹന്തയും അഹങ്കാരവും മുറിവേല്ക്കപ്പെടും. അപ്പോൾ നമ്മൾ പറയും ''ഞാൻ ഒരിക്കലും അവനോട് [അല്ലെങ്കിൽ അവ

ളോട്] ക്ഷമിക്കയില്ല." നമ്മുടെ ഉള്ളിൽ ആ വ്യക്തിയോട് ക്ഷമിക്കുവാൻ നമുക്ക് പ്രയാസം നേരിടും! ഫലത്തിൽ, "അതു വലിയ കാര്യമൊന്നുമല്ല, അതു പോകട്ടെ," എന്ന് പറയുവാൻ നാം ശീലിക്കണം.

മത്തായി 6:12 ലെ ശക്തമായ ഉപദേശത്തോട് അടുക്കുവാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ട് (വാക്യങ്ങൾ 14, 15 നോക്കുക). "ഒരാൾ വാസ്തവത്തിൽ മാനസാന്തരപ്പെട്ട് ക്ഷമ ചോദിക്കാതെ എനിക്ക് അയാളോട് ക്ഷമിക്കുവാൻ കഴിയുമോ?" എന്ന് ചോദിച്ചേക്കാം. ചിലർ ലൂക്കൊസ് 17:3 എടുത്ത് നാം മാനസാന്തരപ്പെടാതെ ദൈവം നമ്മോട് ക്ഷമിക്കുന്നില്ലല്ലോ എന്നു പറയും. എങ്ങനെയായാലും, നാം കൂട്ടായ്മ യഥാസ്ഥാനപ്പെടുത്തുകയല്ല, നമ്മുടെ ഹൃദയങ്ങളിലെ *മനോഭാവത്തെ* കുറിച്ചാണ് നാം സംസാരിക്കുന്നത്. ക്രൂശിൽ വെച്ച് യേശു പ്രാർത്ഥിച്ചു, "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ, ഇവരോട് ക്ഷമിക്കേണമെ" (ലൂക്കൊസ് 23:34). അവൻ അങ്ങനെ നിലവിളിച്ചെങ്കിലും, അവർ മാനസാന്തരപ്പെടുന്നതുവരെ അവരിൽ ആ കുറ്റം ഉണ്ടായിരിക്കും (പ്രവൃത്തികൾ 2:36-38 നോക്കുക). എന്നിരുന്നാലും (ഇതാണ് നാം ചെയ്യുവാൻ ശീലിക്കേണ്ടത്), യേശു തന്റെ ഹൃദയത്തിൽ അവരോട് ക്ഷമിച്ചു. ഒരാൾ എന്നെ ഉപദ്രവിച്ചാൽ, അയാളുമായുള്ള എന്റെ ബന്ധം അയാൾ മാനസാന്തരപ്പെടുന്നതുവരെ പുനരേകീകരിക്കപ്പെടുന്നില്ല. എന്നാൽ എന്റെ ഹൃദയത്തിൽ അയാൾക്ക് എതിരെ യാതൊരു ശത്രുതയുമില്ല എന്നതായിരിക്കണം നമ്മുടെ ചിന്ത. "കയ്പ്പിന്റെ വേര്" നമ്മിൽ വ്യാപിക്കുവാനിടയാക്കരുത് (എബ്രായർ 12:15). നമ്മിൽ സ്നേഹം നിറയുമ്പോൾ അത് മറ്റുള്ളവരിലേക്ക് പകരണം.

ലൂക്കൊസിന്റെ വിവരണത്തിൽ പ്രാർത്ഥനയുടെ ഈ ഭാഗത്ത് ഒരു ക്രിയാത്മക കുറിപ്പുണ്ട്: "ഞങ്ങൾ ഞങ്ങളുടെ കടക്കാരോട് ക്ഷമിച്ചതുപോലെ" (ലൂക്കൊസ് 11:4). നാം ക്ഷമിക്കുവാൻ തയ്യാറായില്ലെങ്കിൽ എന്തു സംഭവിക്കും? ക്ഷമിക്കാത്ത മനുഷ്യൻ തനിക്ക് കടന്നുപോകേണ്ട പാലമാണ് തകർക്കുന്നത് എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. യേശു മാതൃകാ പ്രാർത്ഥന പറഞ്ഞുകൊടുത്ത ഉടനെ പറയുന്ന ചിന്ത-നീയമായ കാര്യം ശ്രദ്ധിക്കുക: "നിങ്ങൾ മനുഷ്യരുടെ പിഴകളെ അവരോട് ക്ഷമിച്ചാൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല" (മത്തായി 6:14, 15).

## അതിന്റെ ഉൾക്കാഴ്ച്ചയിൽ ഒരു മാതൃക

പ്രാർത്ഥന തുടരുന്നു: "പരീക്ഷയിൽ ഞങ്ങളെ കടത്തരുതേ,[12] ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ" (മത്തായി 6:13; ലൂക്കൊസ് 11:4). മാതൃകാ പ്രാർത്ഥനയിൽ മാതൃകാ ഉൾക്കാഴ്ച്ചയും നല്കുന്നുണ്ട് കാരണം അതിൽ പാപമോചനം മാത്രമല്ല, പാപത്തിലേക്ക് നയിക്കുന്നതിനേയും വിട്ടുനില്ക്കണമെന്നു പറയുന്നു.

ഗ്രീക്ക് വേദപുസ്തകത്തിൽ "ദുഷ്ടൻ" എന്ന വാക്കിനു മുൻപ് ഡെഫനിറ്റ് ആർട്ടിക്കിളുണ്ട്. അർത്ഥം "ദുഷ്ടത [ഉള്ളത്]" (അതായത്, ദുഷ്ടത ഉള്ളതെന്തും), അല്ലെങ്കിൽ ദുഷ്ടതയുള്ള [വൻ], (പിശാച്).[13] ഒന്നാമത്തേതിന് (എല്ലാ ദുഷ്ടതക്കും) ഉത്തരവാദി രണ്ടാമത്തേത് (പിശാച്) ആകയാൽ, രണ്ടും ഒരേ അടിസ്ഥാന ആശയമാണ് തരുന്നത്.

പരീക്ഷണത്തിൽനിന്ന് ദൈവസഹായത്തിന് അപേക്ഷിക്കുന്നതാണ് പ്രാർത്ഥനയുടെ ഈ ഭാഗം.[14] നമ്മുടെ വഴിയിൽ നേരിടുന്ന പരീക്ഷണങ്ങളെ അതിജീവിക്കുവാനും, സാത്താനെ പരാജയപ്പെടുത്തുന്നതിനു വേണ്ട സഹായത്തിനുമാണ്. അതു നമ്മിലും ഉത്തരവാദിത്വം നൽകുന്നുണ്ട്. നമ്മുടെ കണ്ണുകൾ, ഇടക്കിടക്ക് വിസ്തൃതമായി തുറക്കുമ്പോൾ, സാഹചര്യങ്ങളാൽ കുഴപ്പങ്ങൾ സംഭവിക്കും. അപ്പോൾ നമുക്ക് സ്ഥിരമായി "പരീക്ഷയിൽ ഞങ്ങളെ കടത്തരുതേ" എന്ന് പ്രാർത്ഥിക്കുവാൻ കഴിയാതെവരും. അത്തരം സന്ദർഭങ്ങളിൽ നാം പരീക്ഷണങ്ങളിൽ അകപ്പെടും എന്ന് നമുക്ക് അറിയാം.

## അതിലെ പുകഴ്ച്ചയിൽ ഒരു മാതൃക

"കർത്താവിന്റെ പ്രാർത്ഥന" എന്നറിയപ്പെടുന്നതിലെ അവസാന വാക്കുകൾ എൻഏഎസ്ബിയിൽ ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്: "[രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ, ആമേൻ]" (മത്തായി 6:13). ഈ അവസാനിപ്പിക്കൽ ആരംഭകയ്യെഴുത്തുപ്രതികളിലില്ല. എങ്ങനെയായാലും, ആ വാക്കുകൾ സഭയുടെ ആരംഭത്തിൽ ഉപയോഗിച്ചിരുന്നതായി തെളിവുണ്ട്, മിക്ക തർജിമകളിലും മറ്റൊരിടത്തും ഇല്ലെങ്കിൽ, അത് എവിടെയെങ്കിലും കാണും - കുറിപ്പുകളിലോ, മാർജിനിലോ കാണും. പ്രാർത്ഥന അവസാനിപ്പിക്കുന്നതിന് അതു യോജിക്കുന്നതാണ്. അവ എല്ലാറ്റിന്റെയും ഉറവിടമായ, ദൈവത്തിലേക്ക് മടങ്ങുന്നു:

- "രാജ്യം" അവന്റേതാണ്. രാജ്യം അവനുള്ളതാണ്, അവൻ എല്ലാറ്റിനും മീതെയാണ്. ആ സത്യം നാം അംഗീകരിക്കണം.
- "ശക്തി" അവന്റേതാണ്. മനുഷ്യനുള്ള ശക്തി എന്തു തന്നെയായാലും ദൈവവുമായി താരതമ്യം ചെയ്യുമ്പോൾ അത് ഒന്നുമല്ല. ആ വസ്തുതയും നാം അംഗീകരിക്കണം.
- "മഹത്വം" അവന്റേതാണ്, നാം അത് പ്രഖ്യാപിക്കണം.
- അവയെല്ലാം "എന്നേക്കും" സത്യമാണ്. "ആമേൻ," ആമേൻ!

## ഉപസംഹാരം

അതാണ് മാതൃകാ പ്രാർത്ഥന. പ്രാർത്ഥനയെ കുറിച്ചുള്ളതെല്ലാം നിങ്ങളെയും എന്നെയും അതു പഠിപ്പിക്കുന്നുണ്ടോ? ഇല്ല. ഉദാഹരണത്തിന്, അതു യേശുവിന്റെ നാമത്തിലല്ല. മോശയുടെ ന്യായപ്രമാണം നിലവിലിരുന്ന സമയത്തായിരുന്നു മാതൃകാപ്രാർത്ഥന യേശു പഠിപ്പിച്ചത്, അതുകൊണ്ട് സുബോധമുള്ള ഏതൊരു യെഹൂദനും അതു പ്രാർത്ഥിക്കുവാൻ കഴിഞ്ഞിരുന്നു. പുതിയനിയമത്തിൻ കീഴിലുള്ള നാം "സകലത്തിന്നും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, പിതാവായ, ദൈവത്തിന് സ്തോത്രം ചെയ്യുന്നവരാകേണം" (എഫെസ്യർ 5:20; കൊലൊസ്യർ 3:17).

പീണ്ടും, മാതൃകാ പ്രാർത്ഥനയിലെ ആവശ്യങ്ങൾ പൊതുസ്വഭാവമുള്ളവയാണ്. നിങ്ങളും ഞാനും പ്രാർത്ഥിക്കുമ്പോൾ പ്രത്യേകതയോടെ വേണം പ്രാർത്ഥിക്കുവാൻ:പ്രത്യേക അനുഗ്രഹത്തിന് നാം പ്രത്യേകമായി നന്ദി ചെലുത്തണം; പ്രത്യേക ആളുകൾക്ക് വേണ്ടി നാം പ്രത്യേകമായി പ്രാർത്ഥിക്കണം.

എന്നിരുന്നാലും, മാതൃകാ പ്രാർത്ഥനയിൽനിന്ന് നമുക്ക് വളരെ പഠി

ക്കുവാനുണ്ട്. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, അത് ദിശയിലും, ആദരവിലും, ഊന്നലിലും, വിചാരത്തിലും, നിയന്ത്രണത്തിലും, താഴ്മയിലും, ഉൾക്കാഴ്ച്ച യിലും, പുകഴ്ച്ചയിലും മാതൃകയുള്ളതാണ്.

നാം അസാനിപ്പിക്കുമ്പോൾ, പ്രാർത്ഥന ആരംഭിക്കുന്നത് "സ്വർഗസ്ഥ നായ *ഞങ്ങളുടെ പിതാവേ*" എന്നു പറഞ്ഞുകൊണ്ടാണെന്ന് ഓർപ്പിക്കട്ടെ (മത്തായി 6:9; എംഫസിസ് മൈൻ). ദൈവം നിങ്ങളുടെ പിതാവ് അല്ലെ ങ്കിൽ നിങ്ങൾക്ക് ഈ പ്രാർത്ഥന പ്രാർത്ഥിപ്പാൻ സാധ്യമല്ല. അവൻ നിങ്ങ ളുടെ പിതാവാണോ? നിങ്ങൾ അവന്റെ പൈതലാണോ? വിശ്വാസത്താലും അനുസരണത്താലും ദൈവത്തിന്റെ ഭവനത്തിൽ നിങ്ങൾ ജനിച്ചിട്ടുണ്ടോ? "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോട് ചേരുവാൻ *സ്നാനം* ഏറ്റിരിക്കുന്ന നിങ്ങ ളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:26, 27; എംഫ സിസ് മൈൻ). നിങ്ങൾ വിശ്വാസത്തോടെ അനുതപിച്ച് സ്നാനമേറ്റശേഷം, ഒരു ദൈവപൈതലായി തന്നെ ജീവിച്ചിട്ടുണ്ടോ – അതോ അവന്റെ ഭവനമായ, സഭക്ക് നിന്ദ വരുത്തിയിട്ടുണ്ടോ (1 തിമൊഥെയൊസ് 3:15)? നിങ്ങൾ സ്നാനം ഏല്ക്കുവാനോ അല്ലെങ്കിൽ യഥാസ്ഥാനപ്പെടുവാനോ ആഗ്രഹിക്കുന്നു എങ്കിൽ (ഗലാത്യർ 6:1; പ്രവൃത്തികൾ 8:22; യാക്കൊബ് 5:16), ഇന്നു തന്നെ നിങ്ങൾ അതു ചെയ്യും എന്നു ഞാൻ പ്രത്യാശിക്കുന്നു.

**പ്രസംഗക്കുറിപ്പുകൾ**

ഇതു ഞാൻ പ്രസംഗിക്കുമ്പോൾ, പ്രസംഗത്തിനു മുൻപ് ആരോടെങ്കിലും ലൂക്കൊസ് 11:1–4 വായിക്കുവാൻ പറയും. അങ്ങനെ, എന്റെ അഭിപ്രായം ആരംഭിക്കുന്നതിന് മുൻപുതന്നെ അവ സദസ്യരുടെ ഉള്ളിൽ പുതുമയോടെ നിൽക്കും. പിന്നെ, ''കർത്താവിന്റെ പ്രാർത്ഥന'' എന്ന്-വിളിക്കുന്ന ഈ പ്രാർത്ഥന യേശുവിന്റെ മറുപടി ആണെന്നും, നിങ്ങൾ ഇപ്പോൾ കേട്ടതു "ലൂക്കൊസിന്റെ വിവരണമായിരുന്നു" എന്നും പറയും. ഇതാണ് "മത്തായി യുടെ വിവരണം" എന്ന് പറഞ്ഞ് മത്തായി 6 ലേത് വായിക്കും.

ഈ പ്രസംഗത്തിനുള്ള എന്റെ പ്രാരംഭ നോട്ടുകൾ വളരെ പഴയതാണ്, മറ്റുള്ളവരുടെ ആശയങ്ങൾക്ക് ആർക്കെങ്കിലും ബഹുമതി കൊടുക്കുവാൻ വിട്ടുപോയെങ്കിൽ ക്ഷമ ചോദിക്കുന്നു.

---

കുറിപ്പുകൾ

[1]മൂന്നു തരക്കാരായ കുട്ടികളിൽ, കൗമാരപ്രായക്കാരെയും, പ്രായപൂർത്തിയായവ രെയുമാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ഇതു പ്രസംഗിക്കുമ്പോൾ, നിങ്ങളുടെ പ്രദേശ ത്തുള്ള വിവിധപ്രായത്തിലുള്ള കുട്ടികളെ ഇതിനുപകരമായി പറയാം. [2]അതായത്, എൻ ഏഎസ്ബി തർജിമയിൽ മത്തായിയുടെ വിവരണത്തിൽ, അവസാനം വാക്യം 13 ലേത ടക്കം 68 വാക്കുകളുണ്ട്. (ഇതിനെ കുറിച്ച് പിന്നീട് വരുന്ന കുറിപ്പുകൾ നോക്കുക.) കെജെവി മത്തായിയുടെ വിവരണത്തിൽ 66 വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് വേദപുസ്തകത്തിൽ മത്തായി 6:13 ന്റെ അവസാനഭാഗമില്ലാത്തതുകൊണ്ട്, 57 വാക്കുകളാണുള്ളത്. [3]ഈ കണക്ക് എൻ ഏഎസ്ബിയിലേതാണ്. ലൂക്കൊസിന്റെ വിവ രണം കെജെവിയിൽ 58 വാക്കുകളാണുള്ളത്. ഗ്രീക്കിൽ ലൂക്കൊസിന്റെ വിവരണത്തിൽ

38 വാക്കുകളാണുള്ളത്. [4]വാസ്തവത്തിൽ കർത്താവിന്റെ പ്രാർത്ഥനയായി പറഞ്ഞിട്ടുള്ളത് യോഹന്നാൻ 17 ആണ് എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. [5]രഹസ്യമായി നീണ്ട പ്രാർത്ഥന നടത്തുന്നതിൽ തെറ്റില്ല. യേശു പലപ്പോഴും രാത്രി മുഴുവൻ പ്രാർത്ഥിച്ചിട്ടുണ്ട്. എങ്ങനെയായാലും, പരസ്യപ്രാർത്ഥന (പരസ്യപ്രസംഗം പോലെ) ഫലപ്രദമാകുവാൻ സുദീർഘമാക്കാതിരിക്കുക. [6]ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ഞങ്ങൾ പറയും, "ഹീ ഈസ് നോട്ട് ജസ്റ്റ് യുവർ ബഡ്ഡി [ഓർ പാൽ]." നിങ്ങളുടെ പ്രദേശത്തും അതുപോലെയുള്ള പ്രയോഗങ്ങളുണ്ടാകും. [7]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്ററർ ആന്റ് സൺസ് ലിമിറ്റഡ്., 1971), 3. [8]നാലാമത്തെ സാമ്രാജ്യം നിലവിലുള്ളപ്പോൾ രാജ്യം സ്ഥാപിതമാകും എന്നായിരുന്നു ദാനിയേൽ പ്രവചിച്ചത്, അതു റോമാ സാമ്രാജ്യമായിരുന്നു എന്ന് ചരിത്രത്തിൽനിന്ന് നമുക്ക് അറിയാം. [9]ഈ പ്രസ്താവനക്ക് പകരം നിങ്ങളുടെ പ്രദേശത്തിന് യോജിക്കുന്ന വിധത്തിലാക്കുക. [10]*ഗ്രീക്ക് ലെക്സിക്കൻ,* 296. പ്രാർത്ഥനയുടെ ഒരു വെർഷൻ ഉപയോഗിച്ചിട്ടുള്ള പലരും "ട്രെസ്പാസസ്" എന്ന വാക്കാണ് എടുത്തിട്ടുള്ളത് (ആ വാക്കിന്റെ അർത്ഥം "പാപങ്ങൾ" എന്നാണ്). "ഞങ്ങളോട് പാപം ചെയ്തവരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ."

[11]ലൂക്കൊസ് "കടങ്ങൾ" എന്നും "പാപങ്ങൾ" എന്നും മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. [12]"പരീക്ഷണം" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നതിന് പല അർത്ഥങ്ങളുണ്ട്, പക്ഷെ ഈ വാക്യത്തിൽ അത് "തിന്മ" എന്ന് മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ "തിന്മ ചെയ്യുവാനുള്ള പരീക്ഷണം" ആയിട്ടാണ് പറയുന്നത്. [13]എൻകെജെവിയിൽ "ദുഷ്ടൻ" എന്നാണ്. [14]ദൈവം ദോഷങ്ങളാൽ പരീക്ഷിക്കാത്തവനാകകൊണ്ട് (യോക്കോബ് 1:13), "പരീക്ഷയിൽ കടത്തരുതേ" എന്ന പ്രയോഗം അർത്ഥമാക്കുന്നത് "പരീക്ഷയിലേക്ക് ഞങ്ങളെ നയിക്കരുതേ" എന്നായിരിക്കും. [15]"യേശുവിന്റെ നാമത്തിൽ" എന്നതു വെറുതെ പറയുന്ന ഒരു പ്രയോഗമല്ല; യേശു ഇപ്പോൾ നമ്മുടെ മദ്ധ്യസ്ഥനാണെന്ന് സമ്മതിക്കൽ കൂടെയാണ് (1 തിമൊഥെയൊസ് 2:5).